(സി) കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചോ ;

(ഡി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(ഇ) എന്തൊക്കെയാണ് കമ്മിറ്റിയുടെ ശുപാർശകൾ ;

(എഫ്) റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചുവോ?

ഉത്തരം

(എ) നിയമിച്ചിരുന്നു.

(ബി) 15-12-1982-ലെ ജി.ഒ. (ആർ.റ്റി.) 3389/82 /ജി. എഡ്യൂ പ്രകാരം.

(സി) സമർപ്പിച്ചു.

(ഡി) 24-9-1983-ൽ.

(ഇ) അദ്ധ്യാപക ട്രെയിനിംഗ് സ്കൂളുകളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള ശുപാർശകളാണ് കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്.

(എഫ്) റിപ്പോർട്ട് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

കേരള യൂണിവേഴ്സിറ്റി ആരംഭിച്ച പാർട്ടൈം എം.ബി.എ. കോഴ്സ്

499. [699] ശ്രീ. പി. സീതി ഹാജി :

,, എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ കേരള യൂണിവേഴ്സിറ്റി ആരംഭിച്ച പാർട്ടൈം എം.ബി.എ. കോഴ്സിലേയ്ക്ക് ആകെ എത്ര പേരെ തെരഞ്ഞെടുത്തു ;

(ബി) അതിൽ മുസ്ലീങ്ങൾ എത്ര പേരുണ്ടായിരുന്നു ;

(സി) ഈ കോഴ്സിലേക്ക് മുസ്ലീം അപേക്ഷകർക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നതിന് സംവരണവ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ടോ?

(ഡി) വ്യവസ്ഥ ഉണ്ടാക്കിയിട്ടില്ലെങ്കിൽ അതിനുള്ള തീരുമാനം അടിയന്തിരമായി കൈക്കൊള്ളുമോ?

ഉത്തരം

(എ) 31 (മുപ്പത്തിഒന്ന്).

(ബി) ആരുമില്ല.

(സി) ഇല്ല.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ ട്രെയിനിംഗ് കോളേജുകളും സ്കൂളുകളും

500. [700] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലും ട്രെയിനിംഗ് കോളേജുകളും സ്കൂളുകളും അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; എവിടെയെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly